പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 24 — 18.03.2013 ൽ മറുപടിക്ക്

## സമൂഹ നന്മ ലക്ഷ്യം വച്ച് പാസ്സാക്കിയിട്ടുളള നിയമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ബഷീർ<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, എൻ. എ. നെല്ലിക്കുന്ന്<br>,, പി. ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പാർലമെന്റും, സംസ്ഥാന നിയമസഭയും സമൂഹനന്മ ലക്ഷ്യം വച്ച് പാസ്സാക്കിയിട്ടുളള നിയമങ്ങൾ ശരിയായി നടപ്പാക്കാത്തതു സംബന്ധിച്ച് ഹൈക്കോടതിയും, സുപ്രീം കോടതിയും ആവർത്തിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുക, പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുക, മോട്ടോർ വാഹന നിയമങ്ങൾ പാലിക്കാതിരിക്കുക എന്നിവയ്ക്കെതിരെയെല്ലാം കോടതികളുടെ ഇടപെടലും കോടതിയലക്ഷ്യ നടപടികളും അനിവാര്യമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും<br><br>ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുക, പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുക, മോട്ടോർ വാഹന നിയമങ്ങൾ പാലിക്കാതിരിക്കുക എന്നിവയ്ക്കെതിരെയെല്ലാം കോടതികളുടെ പരാമർശങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നിയമനടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്കും, വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ റോഡുകൾ, ഫുട്പാത്തുകൾ, പൊതുവഴികൾ, ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി കച്ചവടങ്ങൾ, യോഗങ്ങൾ, ജാഥകൾ, സഭകൾ, പ്രകടനങ്ങൾ എന്നിവ നടത്തുന്നത് 18.02.2011 ൽ നിലവിൽ വന്ന കേരള പൊതുവഴികൾ (സംഘം ചേരലും ജാഥകളും നിയന്ത്രണ) നിയമപ്രകാരം നിയന്ത്രിച്ച് നിരോധിച്ചിട്ടുണ്ട്. എന്നിരുന്നാലും ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവുകൾക്കും, സർക്കാർ ഉത്തരവുകൾക്കും വിധേയമായി നിലവിലുള്ള നിയമങ്ങളും |

കേരളാ പോലീസ് ആക്ടിലെ 76, 79 വകുപ്പുകളും അനുസരിച്ച് പൊതുയോഗങ്ങളും ജാഥകളും മതപരവും ദേശീയവുമായ ഉത്സവങ്ങളും നിയന്ത്രിച്ചു വരുന്നു. മതപരവും ദേശീയവുമായ ഉത്സവങ്ങൾ, പൊതുയോഗങ്ങൾ, ജാഥകൾ എന്നിവ നടത്തപ്പെടുമ്പോൾ പൊതുവഴികൾ പൂർണ്ണമായും തടസ്സപ്പെടുന്നില്ലെന്നും റോഡിന്റെ ഒരുവശം ഗതാഗതത്തിനും സഞ്ചാരത്തിനുമായി സുസജ്ജമാണെന്നും പോലീസ് മേധാവികൾ ഉറപ്പുവരുത്തുന്നുണ്ട്.

പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുന്നതിനെതിരെ ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ജാഥകൾ, ഹർത്താലുകൾ തുടങ്ങിയവ നടത്തപ്പെടുമ്പോൾ ജില്ലാ പോലീസ് മേധാവിമാർ അവ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും പൊതുമുതലുകൾക്കും സ്വകാര്യ മുതലുകൾക്കും നഷ്ടം വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രകടനങ്ങളുടെ വീഡിയോ റെക്കോർഡ് ചെയ്ത് വിലയിരുത്തുകയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ, പി.ഡി.പി.പി. ആക്ട് എന്നിവ അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവരെ വാഹന പരിശോധനകളിലൂടെ കണ്ടെത്തുകയും അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വാഹനങ്ങളിലെ സൺഫിലിം നീക്കം ചെയ്യണമെ

ന്നുള്ള സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയും ശക്തമായ വാഹന പരിശോധന നടത്തിയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് നിയമനടത്തിപ്പ് കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നിയമനടത്തിപ്പ് ഫലപ്രദമായിതന്നെ നടപ്പിലാക്കി വരുന്നു. ഇത് കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കൂടാതെ ക്രമസമാധാനപാലനവും, അന്വേഷണ വിഭാഗവും വേർതിരിച്ച് നിയമ പരിപാലനം ശക്തമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയിൽ തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ